**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1555** **19-01-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്രസർക്കാരിന്റെ കാർഷിക നിയമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ സമീപ കാലത്ത് പാസ്സാക്കിയ കാർഷിക നിയമങ്ങൾ സംസ്ഥാനത്തെ ഏത് തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | കോവിഡ് വ്യാപനവും പ്രകൃതിക്ഷോഭങ്ങളും രാജ്യത്തിന്റെ സാമ്പത്തിക തകർച്ചയും മൂലം കാർഷിക മേഖല വലിയ പ്രതിസന്ധി നേരിടുന്ന ഘട്ടത്തിലാണ് കാർഷിക രംഗത്ത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന പുതിയ മൂന്ന് നിയമങ്ങൾ കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പാസാക്കിയിട്ടുള്ളത്. ഇതിനെ തുടർന്ന് ഭക്ഷ്യ ധാന്യങ്ങൾക്ക് നിലവിലുള്ള താങ്ങുവില പോലും നഷ്ടപ്പെടുമോ എന്ന ഭയാശങ്കയാണ് കർഷകരെ അലട്ടുന്നത്. കർഷകരുടെ വിലപേശൽ ശേഷി മിക്കപ്പോഴും കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ ശക്തിക്കു മുന്നിൽ വളരെ ദുർബലമാവും എന്നതാണ് ഇതിൽ ഉയരുന്ന ഗൗരവതരമായ പ്രശ്നം. കർഷകർക്ക് നിയമപരിരക്ഷ ലഭിക്കാനുള്ള വ്യവസ്ഥകൾ നിയമത്തിലുണ്ടെന്ന് തോന്നുമെങ്കിലും കോർപ്പറേറ്റുകളുമായി ഇതിനുവേണ്ടി നിയമയുദ്ധം നടത്താനുള്ള ശേഷി കർഷകർക്കില്ല എന്നുള്ള കാര്യം പരിഗണിക്കേണ്ടതുണ്ട്. കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള അവകാശം വൻകിട സ്വകാര്യ സ്ഥാപനങ്ങൾക്ക് മാത്രം വിട്ടു നൽകുന്നത് കർഷകർക്ക് ന്യായവില ലഭ്യമാക്കുന്ന ഉത്തരവാദിത്തത്തിൽ നിന്നും കേന്ദ്രസർക്കാർ ഒഴിഞ്ഞു പോകുന്നു എന്ന പ്രതീതി ഉണ്ടാക്കുകയും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും ഭക്ഷ്യ വിതരണത്തെ ഗണ്യമായ രീതിയിൽ തടസ്സപ്പെടുത്തുകയും ചെയ്യും. അവശ്യ സാധന നിയമത്തിലെ വ്യവസ്ഥകൾ ലഘൂകരിക്കുമ്പോൾ സ്ഥിതി കൂടുതൽ വഷളാകാനിടയാകും. |
| (ബി) | കേരളത്തിലെ കർഷകരെ ദോഷകരമായി ബാധിക്കുന്ന കേന്ദ്ര നിയമങ്ങളിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിന് ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ; | (ബി) | കേന്ദ്ര സർക്കാർ പാസാക്കിയ പുതിയ കാർഷിക നിയമങ്ങൾ പരിശോധിച്ചതിൽ ടി നിയമങ്ങൾ കേരളത്തെ ദോഷകരമായി ബാധിക്കുമെന്ന് മനസ്സിലാക്കുകയും 2020 ഡിസംബർ 31 ന് |

| | | | |
|---|---|---|---|
| | | | നിയമസഭയുടെ പ്രത്യേക സമ്മേളനം ചേർന്ന് അവ റദ്ദ് ചെയ്യണമെന്ന് കേന്ദ്രസർക്കാരിനോട് പ്രമേയം വഴി ഐകകണ്ഠ്യേന ആവശ്യപ്പെടുകയും പ്രമേയത്തിന്റെ പകർപ്പ് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. |
| (സി) | കർഷകവിരുദ്ധ കേന്ദ്ര നിയമങ്ങൾക്കെതിരെ ബോധവൽക്കരിക്കുന്നതിന് എന്തെങ്കിലും പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | കേന്ദ്ര സർക്കാർ നിലവിൽ പാസാക്കിയിട്ടുള്ള കാർഷിക നിയമങ്ങൾ ഓർഡിനൻസായി പുറപ്പെടുവിച്ചപ്പോൾ തന്നെ സംസ്ഥാനത്തെ വിവിധ കർഷക സംഘടനാ പ്രതിനിധികളുമായി പല ഘട്ടങ്ങളിൽ ചർച്ച നടത്തുകയും അഭിപ്രായങ്ങൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് സംസ്ഥാനത്തെ കർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ ഒരു കാർഷിക നിയമം സംസ്ഥാനത്ത് രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ